പതിനാലാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*152 | 01-02-2018-ൽ മറുപടിക്ക്

## ഐ.ടി. രംഗത്തെ തൊഴിൽ സാധ്യത

ചോദ്യം

ശ്രീ.എ.എം. ആരിഫ്
,, വി. ജോയി
,, പുരുഷൻ കടലുണ്ടി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ഐ.ടി. രംഗത്ത് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | എ) | കേരളത്തിലെ മൂന്ന് ഐ.ടി പാർക്കുകളെയും "കേരള ഐ.ടി പാർക്ക് ' എന്ന ബ്രാൻഡിന്റെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. ഇവിടെ ഐ.ടി / ഐ.ടി ഇഎസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ ലഭ്യമാക്കിയിട്ടുള്ള പ്രധാന സൗകര്യങ്ങൾ താഴെപ്പറയുന്നു.<br>1). മിതമായ നിരക്കിൽ SEZ / Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി കെട്ടിട സൗകര്യങ്ങൾ.<br>2). കോഡെവലപ്പേഴ്സിന് ലഭ്യമാക്കുന്ന സുതാര്യമായ കരാർ വ്യവസ്ഥകൾ.<br>3). മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങളും, മിതമായ നിരക്കുകളും. |

| | | | |
|---|---|---|---|
| | | | 4). 100% പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ.<br>5). വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ. ഇത്തരം സൗകര്യങ്ങളുള്ള ഒരു കോടി സ്ക്വയർ ഫീറ്റ് സ്ഥല സൗകര്യം ഈ പാർക്കുകളിൽ ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതു വഴി ആഭ്യന്തര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാഹചര്യമുണ്ടാകും. ഇതാണ് സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിൽ ഊന്നൽ നല്കിയിട്ടുള്ളത്.<br>ഐ.ടി വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതീ യുവാക്കളുടെ തൊഴിൽ പരമായ കഴിവ് വർദ്ധിപ്പിക്കുകയും അതു വഴി ഐ.ടി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും, കൂടുതൽ സ്റ്റാർട്ട് അപ് സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം. ഇതു വഴി കുട്ടികളുടെ സാങ്കേതിക മികവുകൾ പരിപോഷിപ്പിക്കുന്ന രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടി എടുത്തുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം ടെക്നോസിറ്റി, കൊച്ചിയിലെ ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കോഴിക്കോട് സൈബർ പാർക്ക്, തുടങ്ങിയ ഐ.ടി. വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള പദ്ധതികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | ടെക്നോസിറ്റിയിൽ 5 കമ്പനികൾക്ക് അവരുടെ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായുള്ള ഭൂമി നൽകി കഴിഞ്ഞു. ടെക്നോ പാർക്കിന്റെ 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പ്രധാന പദ്ധതിയായ നോളജ് സിറ്റിക്കു വേണ്ടി ഇവിടെ 100 ഏക്കർ ഭൂമി നൽകാൻ തീരുമാനമായിട്ടുണ്ട്.<br>ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ടത്തിലും തൃശൂർ, ചേർത്തല, ടിബിസി എന്നിവിടങ്ങളിലെ ഹബ്ബ് & സ്പോക്കിലും കൂടി നിലവിൽ 60 ലക്ഷം ച.അടി. കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ, ഉപസംരംഭകരുടെ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br>കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. ബിൽഡിംഗായ സഹ്യ മെയ് 2017-ൽ പണി പൂർത്തിയാക്കി.<br>സ്മാർട്ട് സിറ്റിയുടെ നിർമ്മാണം പൂർത്തിയായ ഒന്നാം ഘട്ടത്തിലെ 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി കെട്ടിടത്തിൽ ഏകദേശം 5000 പേർ പ്രവർത്തിച്ചു വരുന്നു. ആദ്യ ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണത്തോടൊപ്പം തന്നെ 3.5 കി.മീ നാലുവരി പാത / രണ്ടു വരി പാത, കേബിൾ ട്രെഞ്ച്, സബ് സ്റ്റേഷൻ, ജലവിതരണ സംവിധാനങ്ങൾ, ഡ്രെയിനേജ് |

| | | | |
|---|---|---|---|
| | | | എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.<br>സ്മാർട്ട് സിറ്റി നേരിട്ട് രണ്ടാമത്തെ കെട്ടിടം നിർമ്മിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സംരംഭകരും ഉപസംരംഭകരുമായി 50 ലക്ഷം ച.അടി സ്ഥലം നിർമ്മിക്കുന്നതിന്റെ പ്രവർത്തികൾ നടന്നു വരുന്നു. |
| സി) | ഐ.ടി. രംഗത്തെ നേട്ടങ്ങൾ സാധാരണക്കാരിലേയ്ക്ക് കൂടി എത്തിക്കുകയെന്ന ഉദ്ദേശത്തോടെ പ്രഖ്യാപിച്ച കെഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | സി) | ഐ.ടി. രംഗത്തെ നേട്ടങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുക എന്ന ഉദ്ദേശവുമായി പ്രഖ്യാപിച്ച പദ്ധതിയാണ് KFON (കേരള സംസ്ഥാന ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക്) പദ്ധതി. 2mbps മുതൽ 100mbps വരെ ശേഷിയുള്ള ബ്രോഡ്ബ്രാൻഡ് കണക്ടിവിറ്റി ലഭ്യമാക്കിക്കൊണ്ട് ഉന്നതനിലവാരമുള്ള നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യം വികസിപ്പിച്ചു കൊണ്ട് ഐ.ടി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്നതാണ് KFON പദ്ധതിയുടെ ലക്ഷ്യം. ഇതുമായിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഐ.ടി. മിഷൻ, KSITIL, KSEBL എന്നീ സ്ഥാപനങ്ങൾ SPV മാതൃകയിൽ സംയുക്തമായാണ് KFON നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (കൈ) നം. 22/2017/വി.സാ.വ തീയതി. 13.10.2017 പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി KSEB യും KSITIL ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു സംയുക്തസംരംഭം (Joint Venture Company) രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ കമ്പനിയായിരിക്കും കെ-ഫോണിന്റെ നടത്തിപ്പ് ചുമതല. ഈ ഉത്തരവ് പ്രകാരം കമ്പനി തുടങ്ങുന്നതിലേയ്ക്കുള്ള തീരുമാനങ്ങൾ എടുക്കുന്നതിലേയ്ക്കായി കോർ കമ്മിറ്റിയെ നിയോഗിച്ചു. Joint Venture Company-യുടെ രൂപീകരണത്തിനുവേണ്ടി കരട് Memorandum of Association ഉം Articles of Association ഉം, സ്ഥാപനത്തിന്റെ ഘടനയും സർക്കാർ പരിശോധിച്ചുവരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**